# GREGORIAN VOICE



**Monthly newsletter of St.Gregorios Jacobite Syrian Orthodox Church, Dublin**

(For private circulation only)

**October 2015**

# ആദരാഞ്ജലികൾ



**Prayers and condolences to Korooso Dasroro Very. Rev. Dr. Kurian Kaniyamparambil Arch Cor Episocpa**

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

بطريركية انطاكية وسائر المشرق للسريان الارثوذكس
بـاب تومـا - ص.ب ٢٢٢٦٠
دمـشـق - سـوريـة

**BY THE GRACE OF GOD**

**Ignatius Aphrem II**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

No EI 79/15

IGNATIUS APHREM II
Patriarch
of Antioch & All the East
Supreme Head of the
Universal Syrian
Orthodox Church
2014

October 20th, 2015

*"If we have died with Him, we will also live with Him" (2 Timothy 2:11)*

**Apostolic Benediction to our beloved brother in Christ His Beatitude the Catholicose Mor Baselios Thomas I, all our beloved brother Metropolitans, the family of the late Kaniyamparambil Achan, the clergy and the faithful of our Jacobite Syrian Christian Church, Kerala, India.**

We are sad to be informed about the demise of the saintly and scholarly priest, Koruso Dashroro Very Reverend Dr Curien Kaniyamparambil Arch corepiscopos who indeed was practicing a century of true faith, when he finished his race and had gone to his heavenly abode at the age of 103.

We remember his sweet and humble character when we met him during our Apostolic Visit to India in the month of February. He was a role model for all priests; his prayer life, his commitment towards the sacraments and his kind and simple behavior towards everyone along with his scholarly wisdom in Syriac language; all these made him a uniquely gifted priest of this century.

His passing away is a great loss for the entire Syrian Orthodox Church of Antioch. He cannot be replaced or outdone because he became a jewel in the crown of the Syriac Orthodox Church in India by translating the Peshitta Syriac version of the Holy Bible into Malayalam language singlehandedly. He was a devoted writer and authored a large number of inspiring spiritual books.

ܦܛܪܝܪܟܘܬܐ ܕܐܢܛܝܘܟܝܐ ܕܣܘܪܝܝܐ ܬܪܝܨܬ ܫܘܒܚܐ

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

بطريركية انطاكية وسائر المشرق
للسريان الارثوذكس
باب توما - ص.ب ٢٢٢٦٠
دمشق - سورية

We direct Kaniyamparambil' Achans, friends, disciples and spiritual children to adhere to St. Paul's exhortation to: "Remember your leaders, those who spoke the word of God to you; consider the outcome of their way of life, and imitate their faith." (Hebrews 13: 7). We implore God's compassion to console you all and to grant absolution of the sins, rest and delight to the departed soul in His heavenly abode.

We convey our heartfelt condolences to all the members of the family. They will be in our prayers as will the good soul of our beloved Curien Achan. We extend our Apostolic Blessings to you all. May the grace of God be with you. ܘܐܒܘܢ ܕܒܫܡܝܐ
ܘܫܪܟܐ

# Vicar’s Desk : Rev. Fr Jobymon Skaria

ഒരിക്കൽ ഒരു സ്ത്രീ തന്റെ ഊണുമേശ വെടിപ്പാക്കുകയായിരുന്നു. എത്ര കഷ്ടപ്പെട്ടിട്ടും അമർത്തിത്തുടച്ചിട്ടും മേശപ്പുറം വൃത്തിയാകുന്നില്ല. കറ കൂടുതൽ കൂടുതൽ പരക്കുന്നതുപോലെ അവൾക്ക് തോന്നി! അവൾക്ക് അടക്കാനാവാത്ത ദേഷ്യവും നിരാശയും സങ്കടവും വന്നു. വീണ്ടും വീണ്ടും അമർത്തിത്തുടച്ചു. യാതൊരു ഫലവും കാണാതെ വന്നപ്പോൾ, കൈയിലിരുന്ന തുണിക്കഷണം മുറിയുടെ മൂലയിലേയ്ക്ക് വലിച്ചെറിഞ്ഞിട്ട് നിരാശയോടെ മുറിയുടെ ഒരു കോണിലേക്ക് അവൾ ചാരി ഇരുന്നു. ഈ സമയത്താണ് ഒരു കൊച്ചുകുട്ടി ആ മുറിയിലേക്ക് കടന്ന് വന്നത്. കാർമേഘപൂരിതമായ മുഖഭാവവും അലക്ഷ്യമായികിടക്കുന്ന മുറിയും ശ്രദ്ധിച്ചിട്ട് അവൻ ചോദിച്ചു.

“എന്തു പറ്റി ചേച്ചി”

“എത്ര ശ്രമിച്ചിട്ടും ഈ മേശപ്പുറം വെടിപ്പാകുന്നില്ല.” മേശപ്പുറത്തെ കറകളിലേയ്ക്ക് കൈ ചൂണ്ടിക്കൊണ്ട് അവൾ മറുപടി പറഞ്ഞു.

ആ കുട്ടി മേശപ്പുറത്തേക്കും, നിലത്ത് കിടക്കുന്ന പഴന്തുണിയിലേക്കും മാറിമാറി നോക്കി. പഴന്തുണിക്കഷണം കൈയിലെടുത്തു നോക്കി. ഒരു ചെറു മന്ദഹാസതോടെ ആ കുട്ടി പറഞ്ഞു.

“ചേച്ചി ഈ തുണിക്കഷണം ഒന്നു ശ്രദ്ധിക്കൂ.”

അവൾ ആ തുണിക്കഷണത്തിലേക്ക് സൂക്ഷിച്ചു നോക്കി. കരിപുരണ്ട തുണിക്കഷണത്തിന്റെ ഭാഗങ്ങൾ കണ്ട് അവൾ തല കുനിച്ചു.

“ചേച്ചി ഈ തുണിക്കഷണം കഴുകിയതിനു ശേഷം മേശപ്പുറം തുടയ്ക്കൂ.” കുട്ടി നിർദ്ദേശിച്ചു.

ലജ്ജയോടെ അവൾ തല കുനിച്ചു.

ജീവിതം വലിയ ഒരു കടംകഥ തന്നെ. ജീവിതത്തിന്റെ സമാധാനം കെടുത്തുന്ന പല പ്രസ്നങ്ങൾക്കും പരിഹാരമുണ്ടാകണമെങ്കിൽ അവയുടെ മൂലകാരണം കണ്ടെത്തി അവയ്ക്ക് പരിഹാരം കണ്ടെത്തുകയാണു വേണ്ടത്. പലപ്പൊഴും പ്രശ്നങ്ങളുടെ ശശ്വതമായ പരിഹാരത്തെക്കാൾ, തത്കാലികമായ അശ്വാസത്തെയാണ് നാം അഗ്രഹിക്കുന്നത്.

റഷ്യൻ സാഹിത്യകാരനായിരുന്ന ടൊൾസ്റ്റോയ് ഒരു ചെറുപ്പക്കാരനു നല്കിയ ഉപദേശം ഇവിടെ അനുസ്മരിക്ക്ട്ടെ. മറ്റുള്ളവരെ നന്നാക്കുവാൻ ഓടി നടക്കുകയയിരുന്നു ആ ചെറുപ്പക്കാരൻ. അന്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ അയാൾ ഒത്തിരി കഷ്ടപ്പെട്ടു. ഇത് കാണുവാനിടയായ ടൊൾസ്റ്റോയ് ചെറുപ്പക്കരനോട് പറഞ്ഞു: “മറ്റുള്ളവരെ നന്നാക്കുവാൻ വേണ്ടി ഒത്തിരി കഷ്ടപ്പെട്ടില്ലെ? ഇനി കുറച്ച് വിയർപ്പ് സ്വന്തം കാര്യത്തിലൊന്നു ചിന്തി നോക്കുന്നതു നന്നായിരിക്കും. മറ്റുള്ളവർ നന്നാകണമെങ്കിൽ നിങ്ങളും നന്നാകണമെന്നതിൽ സംശയം വേണ്ടാ.”

മട്ടുള്ളവരെ നന്നാക്കണമെന്നു നമുക്കു ആഗ്രഹമുണ്ട്. അതിനു വേണ്ടി അവർ എന്താണു ചെയ്യേണ്ടതെന്ന് നമുക്ക് അറിയുകയും ചെയ്യാം. എന്നാൽ നമ്മെത്തന്നെ നന്നാക്കുന്ന കാര്യം വരുമ്പോൾ നാം നിശബ്ദത പാലിക്കും.

പുകവലി, മദ്യപാനം, തുടങ്ങി ദുശ്ശീലങ്ങൾ നിർത്തുന്ന കാര്യം വരുമ്പോൾ, അല്ലെങ്കിൽ ആരോടെങ്കിലുമുള്ള പക, അസൂയ, വെറുപ്പു, തുടങ്ങിയ ദുശ്ശീലങ്ങൾ ഇല്ലാതാക്കുക എന്ന പ്രശ്നം വരുമ്പോൾ, നമ്മുടെ നിലപാട് ഇതല്ലേ? നമ്മുടെ ശ്രദ്ധ പലപ്പോഴും മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടെത്തുന്നതിലും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിലുമാണല്ലോ?

എന്നാൽ ടോൾസ്റ്റോയ് ചൂണ്ടിക്കാണിച്ചതുപോലെ, മട്ടുള്ളവർ നന്നാകണമെങ്കിൽ നാമും നന്നാകണം. നമ്മുടെ ന്യൂനതകൾ, പോരയ്മകൾ, ബലഹീനതകൾ എന്നിവയെല്ലാം കണ്ടെത്തി അവയ്ക്ക് ശരിയായ പരിഹാരം കണ്ടെത്തിയാൽ മാത്രമേ പല പ്രശ്നങ്ങൾക്കും അവസാനമുണ്ടാകൂ.

യേശുതമ്പുരാൻ ഇപ്രകാരം കല്പിച്ചു…"എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? അല്ല സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്: നില്ല്, നിന്റെ കണ്ണിൽ നിന്ന് കരട് എടുത്തു കളയട്ടെ എന്ന് പറയുന്നത് എങ്ങനെ?

ഈ ചിന്തകൾ നമ്മുടെ ജീവിതത്തെ പരിവർത്തനപ്പെടുത്തുമോ?

# Prayer meetings conducted in October

9th October, 2015
Sunil Kurian
39 Coldcut Park, Coldcut Road,
Clondalkin, Dublin22

23rd October, 2015
Rony Mathew
49 Furry Park Court, Killester,
Dublin 5

## Vanitha Samajam Chain prayer

**Every first Friday of the month from 6:00 to 24 hrs.**

**Please email gregorianvoice@gmail.com with your suggestions and comments.**



==============================

ഡബ്ലിൻ: മഹാ പരിശുദ്ധനായ ചാത്തുരുത്തിയിൽ ഗീവർഗ്ഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ (പരുമല തിരുമേനി)യുടെ ഓർമ്മ പെരുന്നാളിനും, ഡബ്ലിൻ കൺവെൻഷനും നേതൃത്വം നല്കുന്നതിനായി അയർലണ്ടിൽ എത്തിയ അഭി. കുരിയാക്കോസ് മോർ തെയോഫിലോസ് തിരുമേനിക്ക് ഡബ്ലിൻ എയർപോർട്ടിൽ ഫാ.ജോബിമോൻ സ്കറിയ,ഫാ.ബിജു മത്തായി പാറേക്കാട്ടിൽ,സഭാ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസസമൂഹം വരവേൽപ്പ് നൽകി.

===============================

# ഡോ. കുര്യൻ കണിയാംപറമ്പിൽ ആർച്ച് കോർഎപ്പിസ്കോപ്പ അന്തരിച്ചു

## ലോകപ്രശസ്ത സുറിയാനി പണ്ഡിതൻ

**സ്വന്തം ലേഖകൻ**

കൊച്ചി • ലോകപ്രശസ്ത സുറിയാനി പണ്ഡിതനും യാക്കോബായ സഭ മുൻ വൈദിക ട്രസ്റ്റിയുമായ ഡോ. കുര്യൻ കണിയാംപറമ്പിൽ ആർച്ച് കോർഎപ്പിസ്കോപ്പ (103) അന്തരിച്ചു. കാഞ്ഞിരമറ്റത്തെ വസതിയിലായിരുന്നു അന്ത്യം. ദീർഘനാളായി വാർധക്യസഹജമായ അസുഖ ബാധിതനായിരുന്നു.

കാഞ്ഞിരമറ്റത്ത് കണിയാംപറമ്പിൽ പൗലോസിന്റെയും ആയമ്മയുടെയും മൂത്തമകനായി 1913 ഫെബ്രുവരി 27-നാണ് കണിയാംപറമ്പിലച്ചൻ ജനിച്ചത്. കോടനാട് സീയോൻ ആശ്രമത്തിലായിരുന്നു വൈദിക പഠനം. ഗുരുവായ ഔഗേൻ റമ്പാന്റെ കീഴിൽ ആറു മാസം സുറിയാനി അഭ്യസിച്ചു. ഇക്കാലയളവിൽ ഔഗേൻ റമ്പാന്റെ പ്രേരണയിൽ അദ്ദേഹം കവിതകൾ എഴുതി തുടങ്ങി. 1925 മാർച്ച് 25ന് കുമരകം ആറ്റമംഗലം പള്ളിയിൽ പന്ത്രണ്ടാം വയസിൽ ശെമ്മാശപ്പട്ടം സ്വീകരിച്ചു. 1932-ൽ കശീശാപട്ടം ലഭിച്ച അദ്ദേഹം 1950-ൽ കോർഎപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു. 1975 ഡിസംബർ 26-ന് സഭയുടെ വൈദിക ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ടു.

സ്വീഡനിലെ സെന്റ് എഫ്രേം ഇൻസ്റ്റിറ്റ്യൂട്ട് 1979-ൽ ഡോക്ടറേറ്റ് നൽകി ആദരിച്ചു. 1982 മാർച്ച് 10-ന് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ കോറൂസോ ദശ്റോറോ (സത്യത്തിന്റെ പ്രസംഗകൻ) എന്ന പദവി നൽകി. 1988-ൽ 75-ാം ജന്മദിനാഘോഷവേളയിൽ ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നഥാനിയൽ എന്ന വിശേഷണം നൽകി. 1994 സെപ്റ്റംബർ നാലിന് സ്വീഡൻ ആരാം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 'ദ ഗ്രേറ്റ് ലിവിങ് സിറിയക് സ്കോളർ ഓഫ് ഇന്ത്യ' എന്ന പുരസ്കാരം ലഭിച്ചു. 2005 ജൂൺ ആറിന് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് സെന്റ് ഇഗ്നാത്തിയോസ് തെയോഫോറോസ് മെഡൽ നൽകി ആദരിച്ചു. 2006-ൽ മലങ്കരയുടെ എഴുത്തച്ഛൻ



എന്ന സ്ഥാനം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ അദ്ദേഹത്തിനു നൽകി. ഭാരതത്തിന്റെ സുറിയാനി കവി എന്ന പദവി 2008ൽ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ നൽകി. 2012-ൽ വൈദിക ട്രസ്റ്റി സ്ഥാനമൊഴിഞ്ഞു.

പുത്തൻകുരിശിൽ 2012 ഫെബ്രുവരി 27-ന് 100-ാം ജന്മദിനം ആഘോഷിച്ച വേളയിൽ സഭ അദേഹത്തെ ആർച്ച് കോർഎപ്പിസ്കോപ്പ സ്ഥാനം നൽകി ആദരിച്ചു. മുളന്തുരുത്തി കാട്ടുമങ്ങാട്ട് പരേതയായ സാറാമ്മയാണ് ഭാര്യ. മക്കൾ: ശൈമോ, ശ്ലോമോ. മരുമക്കൾ: കോടിയാട്ട് കുര്യൻ, പനയ്ക്കാമറ്റത്തിൽ ചെറിയാൻ. സഹായിയായ ഡീക്കൻ ജോൺ കാട്ടിൽപറമ്പിൽ 12-ാം വയസു മുതൽ അദ്ദേഹത്തിന്റെ സന്തത സഹചാരിയാണ്.

• പേജ് 13 കാണുക

# ദൈവവേലയ്ക്കു മാത്രം ജൻമംകൊണ്ട ജീവിതം

• ഇന്നലെ രാത്രി അന്തരിച്ച ഡോ. കുര്യൻ കണിയാമ്പറമ്പിൽ ആർച്ച് കോറെപ്പിസ്കോപ്പയുടെ അസാധാരണ വ്യക്തിത്വത്തെ കുറിച്ച്.....

**സ്വന്തം ലേഖകൻ**

പത്തനംതിട്ട • അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ തന്നെ ദൈവവേലയ്ക്കു സമർപ്പിക്കപ്പെട്ട ജന്മം. ഡോ. കുര്യൻ കണിയാമ്പറമ്പിൽ ആർച്ച് കോറെപ്പിസ്കോപ്പ എന്ന കണിയാമ്പറമ്പിലച്ചന്റെ ദൈവനിയോഗത്തിനു മറ്റു സാഹചര്യങ്ങളില്ലെന്നു കാണാം. അത്ര സ്വാഭാവികമായിരുന്നു ആ ജന്മം (ആജന്മം) ആചരിച്ച ദൈവചര്യ.

*ഉദരത്തിൽ വച്ചെന്നെ നിന -*
*ക്കാദരപൂർവം അർപ്പിച്ച*
*നിത്യാരാധ്യർ എൻ ജനനീ -*
*ജനകരെയോർത്തു നമിക്കുന്നോർ*
*ഭക്തിയിലെന്നെ വളർത്തീട്ടെൻ*
*മുക്തിപ്പാത തുറന്നവരാം*
*മാതൃപിതൃപ്പരിപാവനരാം*
*പാദം കൂപ്പി സ്തോത്രം തേ*

എൺപത്തിരണ്ടാം വയസിൽ കണിയാമ്പറമ്പിലച്ചൻ എഴുതിയ 'സ്തോത്രസഹസ്ര'ത്തിലേതാണ് വരികൾ. വ്യാഖ്യാനം ആവശ്യമില്ലാത്ത ആത്മകഥനം. എഴുപതാണ്ട് തിരുവല്ലയുടെ ആത്മീയാചരണങ്ങളിൽ സഹയാത്രികനായിരുന്നു കണിയാമ്പറമ്പിലച്ചൻ. എന്നിട്ടും ജീവചരിത്രമെഴുതാൻ പേന തുറന്നവരോട് 'ഇതു വേണോ?' എന്നു ചോദിച്ച് അച്ചൻ ഒതുങ്ങി, ശങ്കിച്ചു നിന്നു. സ്വയംപ്രസ്താവിക്കാൻ ഒരിക്കലും, ഒരിടത്തും അദ്ദേഹം മുതിർന്നില്ല. നിർവഹിക്കാൻ വലിയ ദൗത്യങ്ങളുണ്ടായിരുന്നു.

ജനകീയനെന്നോ ജനപ്രിയനെന്നോ ആരും അദ്ദേഹത്തിനു പട്ടം ചാർത്തിയില്ല.

അതിനർഥം അച്ചൻ അതൊന്നുമായിരുന്നില്ലെന്നല്ല. അന്വേഷണങ്ങൾ ആത്മീയതയുടെ ആഴങ്ങളിലായിരുന്നു. സഭാഭേദങ്ങൾക്കപ്പുറം സുറിയാനി ഭാഷയെയും അതിലുൾച്ചേർന്ന ആത്മീയതയെയും പിൻപറ്റി കണിയാമ്പറമ്പിലച്ചൻ വേറിട്ടൊരു വഴിയിൽ നടന്നു. വേദപുസ്തകത്തെ സുറിയാനിയുടെ ഗഹനതയിൽനിന്നു മലയാളത്തിന്റെ തനിമയിലേക്കു പകർന്നു വാങ്ങി. ഒരുപാടു പേരെ ആ വഴിക്കു കൈ പിടിച്ചു. മലങ്കര മൽപാനെന്ന പേരു നേടി.

അർഥസമ്പന്നവും സംഗീതാത്മകവുമായ ആരാധനാക്രമങ്ങളെ സുറിയാനിയിൽനിന്നു മലയാളത്തിലാക്കിയപ്പോൾ ഗീതങ്ങളുടെ ഈണവും അർഥവും ചോർന്നു പോകാതെ അദ്ദേഹം ശ്രദ്ധിച്ചു. രണ്ടു ഭാഷയും സംഗീതവും നല്ല വശമുണ്ടാവണം. അച്ചൻ ദൗത്യത്തിൽ വിജയിച്ചത് ആ കഴിവുകളുള്ളതുകൊണ്ടാണ്. ഇരുപതു വർഷത്തോളം സഭാചന്ദ്രിക മാസിക നടത്തിയത് അദ്ദേഹമാണ്. സഭകളുടെ അതിരുകൾക്കും മീതേ ഒട്ടേറെപ്പേർക്ക് അദ്ദേഹം സുറിയാനി ഗുരുവായിരുന്നു.



പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ഡോ. കുര്യൻ കണിയാംപറമ്പിൽ ആർച്ച് കോർഎപ്പിസ്കോപ്പയോടൊപ്പം (ഫയൽ ചിത്രം).

തിരുവല്ലയുമായി അദ്ദേഹത്തിനു ഗാഢബന്ധമായിരുന്നു. ദൈവവേലയുടെ 71 വർഷം തിരുവല്ലയിലെ രണ്ടു പള്ളികളിൽ. ഇരുപത്തിരണ്ടാം വയസിൽ കട്ടപ്രത്ത് പള്ളിയിലെത്തിയതാണ്. അവിടെ 24 വർഷം. 1935 മുതൽ 1959 വരെ. ശേഷം 47 വർഷം (2006 വരെ) സെന്റ് ജോർജ് സിംഹാസന പള്ളിയിൽ. മക്കളുടെ വിവാഹ ബന്ധത്തിലൂടെയും തിരുവല്ലയുമായുള്ള ബന്ധം അദ്ദേഹം ഉറപ്പിച്ചു.


പതിമൂന്നാം വയസിൽ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ സുറിയാനി ഭാഷാപ്രേമം. ഒരുപാടുപേരെ സുറിയാനി പഠിപ്പിച്ചു. അപ്പൊഴൊക്കെ അച്ചൻ അന്വേഷണങ്ങളിലുമായിരുന്നു. അറിഞ്ഞാൽ പോരാ, മറ്റുള്ളവർക്കു പകരണമെന്നും നിർബന്ധമായതിനാൽ ഏറെ എഴുതുകയും ചെയ്തു.

പഴയ തിരുവിതാംകൂർ സർവകലാശാല (ഇന്നത്തെ കേരള സർവകലാശാല) യിലെ പഠന വിഷയങ്ങളിൽ സുറിയാനി ഭാഷ ഉൾപ്പെടുത്തണമെന്ന് ദിവാൻ സർ സി. പി. രാമസ്വാമിക്കു നിവേദനം നൽകാൻ അദ്ദേഹം മുന്നിട്ടിറങ്ങി. വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ചാണ് അതിലേക്ക് ഒപ്പുകൾ ശേഖരിച്ചത്. ഏറെ വൈകിയാണെങ്കിലും ആഗ്രഹം സാധിച്ചു.

1943ൽ രണ്ടാം ഭാഷകളിൽ സുറിയാനിയും ഉൾപ്പെടുത്തി. പിന്നീട് എംജി സർവകലാശാലയും ആ വഴി പിന്തുടർന്നു. രണ്ടിടത്തും തുടർച്ചയായി 40 വർഷം ബോർഡ് ഓഫ് സ്റ്റഡീസിൽ അച്ചൻ അംഗമായിരുന്നു. വലിയ പരിശ്രമങ്ങൾക്കു ലഭിച്ച ആദരത്തിന്റെ ഇരിപ്പിടം.

## പാണ്ഡിത്യത്തിലും കൈവിടാത്ത കവിതാ വാസന

'ശുദ്ധിമതിയെ, നിന്നുടെ പ്രാർഥന ഞങ്ങടെ കൂടെ
നിൻ പ്രാർഥനയെ നാഥൻ കേട്ട് പുണ്യം നൽകും
ആർദ്രതനിറവേ ദയാനിധിയോടായ് ദയയർത്ഥിക്ക
ദയചോദിക്കുന്നാത്മാക്കൾമേൽ ദയയുണ്ടാകാൻ'




ഡോ. കുര്യൻ കണിയാംപറമ്പിൽ ആർച്ച് കോർ എപ്പിസ്കോപ്പ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായോടൊപ്പം.

ദൈവമാതാവായ കന്യാമറിയത്തിന്റെ സന്നിധിയിൽ അഭയം പ്രാപിക്കുന്ന അനേകായിരം വിശ്വാസികൾ മുടങ്ങാതെ ചൊല്ലുന്ന പ്രാർഥനാ ഗാനങ്ങളിലൊന്നാണിത്. ശുദ്ധതതിങ്ങും കന്യകയേ മർത്തമറിയം മാതാവേ..., നിർമ്മല കന്യേ മാതാവേ സിദ്ധരിലേറ്റം വന്ദിതയേ..., മാതാ ശുദ്ധിമതി രണ്ടാമംഭരമേ... തുടങ്ങിയ പ്രാർഥനാഗാനങ്ങളും പ്രസിദ്ധമാണ്. എന്നാൽ ഈ ഈരടികളുടെ രചയിതാവിനെ പലർക്കുമറിയില്ലെന്നതാണ് സത്യം.

ദൈവമാതാവിനെക്കുറിച്ചുള്ള ഈ ഗാനങ്ങൾ പല കൈമറിഞ്ഞ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ പലതിലും രചയിതാവിന്റെ നാമം കണ്ടെന്നു വരില്ല.

സുറിയാനിയിൽ നിന്നു ഗദ്യമായും പദ്യമായും പ്രാർഥനകൾ ഉൾപ്പെടുന്ന ''വി. ദൈവമാതാവിനോടുള്ള പ്രാർഥനകൾ'' എന്ന പ്രാർഥനാ പുസ്തകം രചിച്ചത് കണിയാംപറമ്പിൽ ഡോ. കുര്യൻ കണിയാമ്പറമ്പിൽ ആർച്ച് കോറെപ്പിസ്കോപ്പയാണ്.

''വി. ദൈവമാതാവിനോടുള്ള പ്രാർഥനകൾ'' എന്ന പുസ്തകം 33-ാം വയസിലാണ് ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ രചിച്ചത്. വർഷാവർഷം വിപു[illegible]മായി എട്ടു നോമ്പ് പെരുന്നാ[illegible] ആചരിക്കുന്ന മണർകാട് പള്ള[illegible]യിൽ ദൈവമാതാവിനോടുള്ള പ്രാർഥനകൾ മാത്രമായുള്ള ഒരു പുസ്തകം ഇല്ലെന്ന തിരി[illegible]റിവാണ് ഇതു രചിക്കാൻ കണ[illegible]യാംപറമ്പിലച്ചനെ പ്രേരിപ്പി[illegible]ത്. 1946ൽ പ്രസിദ്ധീകരിച്ച പുസ്തകം മണർകാട് പള്ളിയിലെ ഔദ്യോഗിക പ്രാർഥനാ പുസ[illegible]കമായി




We express our heartfelt condolences on the sad demise of
Mr. K.V George father of Mrs. Suja George.

Photo Courtesy : Sam Cherian



We celebrated Dukarono of Yeldo Mor Baselios at our church on 4th October.

# Family Conference – 2015

യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഈ വർഷത്തെ ഫാമിലി കോൺഫറൻസ് സെപ്റ്റംബർ 25,26,27 തിയതികളിലായി ഡബ്ലിനടുത്തുള്ള കാസിൽനോക്ക് സെന്റ്.വിൻസന്റ്സ് കോളേജ് കാമ്പസിൽ വെച്ചു നടത്തപ്പെട്ടു .

മൂന്നു ദിവസങ്ങളിലായി നടത്തപ്പെട്ട ഫാമിലി കോൺഫറൻസ് ൽ മാതാപിതാക്കൾക്കും,യുവജനങ്ങൾക്കും സൺഡേ സ്കൂൾ കുട്ടികൾക്കും പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിച്ചിരുന്നു. പ്രമുഖ കൌൺസിലറും ക്ലനിക്കൽ സൈക്കോളജിസ്റ്റുമായ റെവ.ഫാ .എബി വർക്കി ക്ലാസ്സുകൾക്ക് നേതൃത്വം നല്കി . യുവജനങ്ങളുടെ ക്ലാസ്സുകൾക്ക് ഫാ .എൽദോസ് വട്ടപറമ്പിലും, ബൈബിൾ ക്വിസ് ,ബൈബിൾ ടെസ്റ്റ് എന്നീ മത്സരങ്ങൾ റെവ .ഫാ .ജോർജ് ചേന്നോത്ത്, റെവ . ഫാ. അബ്രഹാം പരുത്തിക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.




Photo Courtesy : Sam Cherian

25 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് അഭി .യുഹാനോൻ മോർ മിലിത്തിയോസ് മെത്രാപോലീത്ത പാത്രിയർക്കൽ പതാക ഉയർത്തിയതോടെ ഫാമിലി കോൺഫറൻസ് നു തുടക്കമായി . തുടർന്ന് ഉത്ഘാടനവും വിഷയ അവതരണവും കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി .26 ശനിയാഴ്ച രാവിലെ 10.00 മുതൽ 5.00 വരെ വിവിധ ക്ലാസ്സുകളും ചർച്ചകളും നടത്തപ്പെട്ടു . വൈകിട്ട് 7 മണിക്ക് ആരംഭിച്ച കലാ സന്ധ്യയിൽ അയർലണ്ടിലെ എല്ലാ യാക്കോബായ ഇടവകളിൽ നിന്നുമുള്ള കലാകാരുടെ വിവിധ കലാപരിപാടികൾ അരങ്ങേറി .27 ഞായറാഴ്ച രാവിലെ 9.00 മണിക്ക് പ്രഭാത നമസ്കാരവും 10.00 മണിക്ക് വി .കുർബ്ബാനയും നടത്തപ്പെട്ടു. വി.കുർബ്ബാനക്ക് ശേഷം നടത്തുപ്പെട്ട റാലി സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾ വിളിച്ചോതുന്ന പ്രകടനമായി .ഉച്ചക്ക് 13:00 മണിയോടെ നടത്തപ്പെട്ട സമാപന സമ്മേളനത്തോടെ ഈ വർഷത്തെ ഫാമിലി കോൺഫറൻസിന് കൊടിയിറങ്ങി.

.



# BIRTHDAYS CELEBRATED IN OCTOBER



| |
|---|
| RIYA ALEX |
| JISHA ANEESH |
| BABU PUNNOSE |
| EBIN BABU |
| ALIAS BENOY |
| JACOB GEORGE |
| GESA BIJU |
| ALANA BIJU |
| CIJI BIJU |
| ANILA BIJU |
| EDLEN MARY BINU |
| AIBY THOMAS |
| JAIJO JACOB |
| DAFYDO GEORGE |
| DIANA PAUL |
| JOHAN SKARIAH |
| DEION ELIAS JOJAN |
| ANN KURIAKOSE |
| ASWATHY LIDY GEORGE |
| LORAINE LIDY GEORGE |
| RHYS MATHEW |

| |
|---|
| ANU NELSON |
| DANN MATHEW PAUL |
| ETHAN PRINCE |
| JOE ZACHARIAH |
| ELIZABETH CHANDY |
| IRENE MARIA REJI |
| CHRIS CHERIAN |
| STEVE SAJU |
| KURIAN JACOB |
| ARLYN SAM |
| SIJI SHABU |
| ALDEA MARY SUNIL |
| RIYA MERIN |
| SEEMA RAJU |
| HANNA VARGHESE |
| HANNA BIJU |
| RENJITH VARKEY |
| JOJI AJESH |
| MIKHAIL IYPE BOBBY |
| ELDHO P. THOMAS |

MANY MANY HAPPY RETURNS OF THE DAY

# ANNIVERSARIES CELEBRATED IN OCTOBER

**ALEX PAUL & IVA GEORGE**

**BENNY P MANI & SUNI BENNY**

**DAVID THANKACHEN & MINI DAVID**

**MATHEW K SAMUEL & RANJU MATHEW**

**MATHEW JOY PAULOSE & JOMSY GEORGE**

**SABU K K & RESMI VARGHESE**

**SALIM MATHEW & THANKAMMA MATHEW**

**SHALLOT BABY & SEEMA JOY**

**VARGHESE V P & LISSY VARGHESE**

ALL OF US IN YOUR CHURCH WISH YOU A HAPPY ANNIVERSARY


Many Happy Returns of the Day Dear Hanna


# ST.GREGORIOS JACOBITE SYRIAN CHURCH, DUBLIN

(Under the Holy See of Antioch and All the East)

## DUBLIN CONVENTION & 10th ANNUAL FEAST - 2015



### Chief Celebrant:
### H.G Dr. Kuriakose Mor Theophilos



## Dublin Convention

| | |
|---|---|
| October 28th Wednesday | : 06:00 PM to 9:00 PM |
| October 29th Thursday | : 10:00 AM to 3:00 PM |
| October 30th Friday | : 10:00 AM to 3:00 PM |

## Annual Feast November 1st

| | | |
|---|---|---|
| 9:30 AM | : | Flag Hosting / Morning |
| 10:00 AM | : | Holy Qurbana |
| 12:00 PM | : | Holy Rasa |
| 12:30 PM | : | Nercha |
| 01:00 PM | : | Flag Lowering |

Worship @:St:Paul's Church, Arran Quay, Smith Field.

Google coordinates : 53.346655, -6.277577